# അന്യംനിന്നുപോകുന്ന കുടുംബം

**കുടുംബം** അന്യംനിൽക്കുക, കുറ്റിയറ്റുപോവുക എന്നൊക്കെ പറഞ്ഞുവന്നത്, കുടുംബശ്രേണി അനന്തരാവകാശികളില്ലാതെ അവസാനിച്ചു പോകുന്നതിനെയാണ്. ഒരു കുടുംബം അങ്ങനെ ജീവിതവേദിയിൽനിന്ന് തിരോധാനം ചെയ്യുന്നത് ദൗർഭാഗ്യകരമായ അനുഭവം തന്നെ. എങ്കിലും വല്ലപ്പോഴുമൊക്കെ ഓരോ കുടുംബം കാലയവനികക്കുള്ളിൽ മറഞ്ഞുപോകുന്നത് മൊത്തം മനുഷ്യരാശിയിൽ അത്ര വലിയ പ്രത്യാഘാതമൊന്നും സൃഷ്ടിക്കുകയില്ല. എന്നാൽ ഇന്ന് കുടുംബസംവിധാനം നേരിടുന്ന വലിയ ഭീഷണി അനന്തരാവകാശികളുടെ അഭാവമല്ല; കുടുംബത്തിന്റെ താത്ത്വികവും പ്രായോഗികവുമായ നിരാസമാണ്. അതാകട്ടെ മനുഷ്യരാശിയിൽ വമ്പിച്ച പ്രത്യാഘാതമുളവാക്കുന്നതുമാകുന്നു.

നിസ്സഹായനായി ഭൂമിയിലേക്ക് പിറന്നു വീഴുന്ന ശിശുവിനെ പോറ്റിവളർത്തി മാനുഷികബന്ധങ്ങൾ മാനിക്കുന്ന, ഉത്തരവാദിത്വവും ധാർമിക പ്രതിബദ്ധതയും സംസ്കാരവും സാമൂഹിക ബോധവുമുള്ള മനുഷ്യനാക്കി മാറ്റുന്ന കുടുംബത്തെ ഒരനാശാസ്യ സ്ഥാപനമായിട്ടാണ് ആധുനിക ദർശനങ്ങൾ വിലയിരുത്തുന്നത്. കുടുംബബന്ധം, കുടുംബത്തോടുള്ള കൂറ്, സ്നേഹം എല്ലാം ചോദ്യം ചെയ്യപ്പെടുന്നു. "അയഥാർഥവും വ്യർഥവും സാമൂഹികവിരുദ്ധവുമായ സംവിധാനമാണ് കുടുംബം. അത് വ്യക്തിസ്വാതന്ത്ര്യത്തെ ഹനിക്കുകയും അവനെ കുടുംബനിയമങ്ങളുടെയും ബാധ്യതയുടെയും ചങ്ങലകളിൽ ബന്ധിക്കുകയും ചെയ്യുന്നു. ക്രൂരമായ ആധിപത്യ വാസനകളും പൈശാചികതയും പൂർണ തോതിൽ വിളയാനും വിത്തിറക്കാനും അടുത്ത തലമുറയിലേക്ക് പകരാനും സാധിക്കുന്ന പ്രകൃതിവിരുദ്ധ സ്ഥാപനമാണ് കുടുംബം. കുടുംബവ്യവസ്ഥയുടെ രൂപീകരണം ജൈവപ്രകൃതിയിൽനിന്നും നൈസർഗികതയിൽനിന്നുമുള്ള വിഛേദനമായിരുന്നു. മനുഷ്യന്റെ സർഗാത്മകമായ വളർച്ചക്കും വികാസത്തിനും വിഘാതംസൃഷ്ടിക്കുന്ന സംവിധാനമാണ് കുടുംബം"- ഇങ്ങനെ പോകുന്നു കുടുംബ വിരുദ്ധ തത്ത്വശാസ്ത്രത്തിന്റെ പ്രഘോഷണങ്ങൾ. സ്ത്രീകളെ അടിച്ചമർത്തുകയും അടിമകളാക്കുകയും ചെയ്യുന്ന സ്ത്രീവിരുദ്ധ സ്ഥാപനമാണ് കുടുംബമെന്ന് ആധുനിക സ്ത്രീവാദികളും ആക്ഷേപിക്കുന്നു.

കുടുംബസംവിധാനത്തിന്റെ സാധുതയെ നേരത്തേ നിരാകരിച്ചത് മാർക്സിസ്റ്റ് ദർശനമാണ്. സ്വകാര്യ സ്വത്തിന്റെ സൃഷ്ടിയാണ് കുടുംബം എന്നാണതിന്റെ കണ്ടെത്തൽ. വ്യക്തികൾ വിഭവങ്ങളും ഉൽപാദനോപാധികളും സമ്പാദിച്ച് സ്വന്തം ഉടമസ്ഥതയിലാക്കാൻ തുടങ്ങിയപ്പോൾ ആ ഉടമസ്ഥത നിലനിർത്താൻ ആവിഷ്കരിക്കപ്പെട്ട സംവിധാനമാണ് കുടുംബം. സ്വകാര്യ ഉടമസ്ഥത നിർമാർജനം ചെയ്യപ്പെടുകയും കമ്യൂണിസ്റ്റ് വ്യവസ്ഥിതി നിലവിൽവരികയും ചെയ്യുമ്പോൾ ഭരണകൂടം എന്ന പോലെ കുടുംബവും സ്വയം ഇല്ലാതാകുമത്രെ. പക്ഷേ, കമ്യൂണിസ്റ്റ് ഭരണം നിലനിന്ന പല രാജ്യങ്ങളിലും കമ്യൂണിസം സ്വയം ഇല്ലാതായെങ്കിലും ഒരിടത്തും കുടുംബം ഇല്ലാതായിട്ടില്ല. കുടുംബം ഇല്ലാതായിക്കൊണ്ടിരിക്കുന്നത് മുതലാളിത്ത സമൂഹങ്ങളിലാണ്. സ്വകാര്യ സ്വത്തിന്റെ സൃഷ്ടിയാണ് കുടുംബം എന്നത് വെറുമൊരു സങ്കൽപമാണ്. കുടുംബത്തിന്റെ സൃഷ്ടിയാണ് സ്വകാര്യ ഉടമസ്ഥത എന്ന് നേരെ തിരിച്ചും സങ്കൽപിക്കാവുന്നതേയുള്ളൂ. എന്നല്ല, അനുഭവത്തിന്റെയും യുക്തിയുടെയും പിന്തുണ കൂടുതലുള്ളത് അതിനാണ്. ഇതിലേറെ നിരർഥകമാണ് അത്യാധുനിക ബുദ്ധിജീവികൾ കുടുംബസംവിധാനത്തിനെതിരെ ഉന്നയിക്കുന്ന ആക്ഷേപങ്ങൾ. കുടുംബത്തിൽ പിറക്കുകയും മാതാപിതാക്കളുടെ സശ്രദ്ധമായ പരിചരണത്തിൽ വളർന്നുവലുതാവുകയും ചെയ്തവരാണല്ലോ ഇന്ന് തിരിഞ്ഞുനിന്ന് കുടുംബത്തെ ആക്ഷേപിക്കുന്നത്. പെറ്റു പോറ്റാനും വളർത്തി വലുതാക്കാനും ഒരു കുടുംബം ഇല്ലായിരുന്നുവെങ്കിൽ തങ്ങൾ ഇന്നത്തെ നിലയിലും നിലവാരത്തിലും എത്തുമായിരുന്നുവോ എന്ന് ഒരു നിമിഷം ആലോചിച്ചാൽ മതി, അപ്പോൾ മനസ്സിലാകും കുടുംബസംവിധാനത്തെ ഭർത്സിക്കാനുള്ള കഴിവും കുടുംബത്തിൽനിന്ന് നേടിയതാണെന്ന്; അതിനും കുടുംബം കൂടിയേ തീരൂ എന്ന്.

ആധുനിക മുതലാളിത്തം വളർത്തുന്ന അനിയന്ത്രിതമായ ഭോഗതൃഷ്ണയും സ്വാർഥതയുമാണ് കുടുംബവിരോധത്തിന്റെ യഥാർഥ പ്രചോദനം. സ്വന്തം സുഖത്തിനു വിഘ്നമാകുന്ന എന്തിനെയും നിഷ്കരുണം വെട്ടിമാറ്റാൻ ആളുകൾ തയാറാവുകയാണ്. മാതാപിതാക്കളും സഹോദരന്മാരും ദമ്പതികളും പരസ്പരം കഴുത്തു വെട്ടുന്ന സംഭവങ്ങളുടെ വർധനവ് അതാണ് നമ്മോട് പറയുന്നത്. അതിന്റെ താത്ത്വികാടിത്തറയാണ് നടേ ഉദ്ധരിച്ച ദർശനങ്ങൾ.

കുടുംബശൈഥില്യത്തിന് ആക്കം കൂട്ടുന്ന മറ്റൊരു മഹാവിപത്താണ് പ്രജനനത്തിന്റെ കച്ചവടവത്കരണം. പണമുള്ളവർക്ക് കുട്ടികളെ ഗർഭം ധരിക്കാനും പ്രസവിക്കാനും നേരമില്ല. അഥവാ ഉണ്ടെങ്കിൽ തന്നെ അത്തരം പ്രയാസങ്ങളൊന്നും ഏറ്റെടുക്കാൻ അവർക്ക് മനസ്സില്ല. തങ്ങളുടെ അരമാസത്തെയോ ഒരു മാസത്തെയോ വരുമാനം കൊടുത്താൽ പത്തുമാസം ഗർഭം ചുമക്കാനും നൊന്തു പ്രസവിക്കാനും വേറെ ആളുകളെ കിട്ടുമെങ്കിൽ എന്തിന് ആ വയ്യാവേലകൾ സ്വയം ഏറ്റെടുക്കണം! ഉയർന്ന വരുമാനമുള്ള പ്രഫഷനലുകളും സ്വവർഗ ദമ്പതികളുമൊക്കെ ഇന്ന് സന്താനലബ്ധിക്കു വേണ്ടി ആശ്രയിക്കുന്നത് വാടക ഗർഭാശയങ്ങളെയാണ്. ഗർഭധാരണം വലിയ വേതനം കിട്ടുന്ന തൊഴിലായി കഴിഞ്ഞിരിക്കുകയാണിന്ന്. പണക്കാർക്കിനി പട്ടിയെയും പന്നിയെയും പോലെ സ്വന്തം മക്കളെയും വിലയ്ക്കുവാങ്ങി വളർത്താം. ഭ്രൂണാവസ്ഥയിൽതന്നെ കുട്ടികൾ കുടുംബത്തിൽനിന്ന് അന്യമാവുക. അവൻ രൂപം കൊള്ളുന്നത് വാടകവയറിൽ. വളരുന്നത് നഴ്സറിയിൽ. പിന്നെ സ്കൂൾ, കോളേജ്, തൊഴിൽ ശാല, വൃദ്ധസദനം..... മാതാപിതാക്കൾ അവന്റെ ഉടമകൾ. അവരുമായി അവനുള്ള ബന്ധം യാന്ത്രികം മാത്രം. ഇങ്ങനെ രൂപപ്പെടുന്ന സമൂഹത്തിൽ കുടുംബസ്നേഹം, ഉത്തരവാദിത്വം, ധർമം, സദാചാരം തുടങ്ങിയ മൂല്യങ്ങൾക്ക് ഇടമുണ്ടാകുമോ?

ഗർഭവ്യവസായം കൂടുതൽ പുഷ്ടിപ്പെട്ടിരിക്കുന്നത് ആർഷഭാരതത്തിലാണത്രെ. എല്ലാ ജീർണതകളുടെയും പ്രഭവകേന്ദ്രമായ പാശ്ചാത്യ സമൂഹം പോലും സ്ത്രീകൾ ഗർഭപാത്രം അന്യർക്ക് വാടകക്ക് കൊടുക്കുന്നതിനെ മ്ലേഛമായി കാണുമ്പോൾ അതേ ജീർണതയിൽ അവരെ കടത്തിവെട്ടുകയാണോ നമ്മൾ?! ■